**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4423** **01-07-2024 - ൽ മറുപടിയ്ക്ക്**

**മണലൂർ മണ്ഡലത്തിലെ വ്യവസായ എസ്റ്റേറ്റുകളുടെ വിപുലീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | മണലൂർ മണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ എത്ര വ്യവസായ എസ്റ്റേറ്റുകളാണുള്ളതെന്നും അവയിൽ എത്ര വ്യവസായ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ടെന്നും വ്യക്തമാക്കാമോ; വിശദാംശം നൽകാമോ; | (എ) | മണലൂർ മണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ 3 വ്യവസായ എസ്റ്റേറ്റുകളാണുള്ളത്. അവയിൽ 31 ഷെഡ്ഡുകളിലായി 25 വ്യവസായ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. വ്യവസായ യൂണിറ്റുകളുടെ വിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഈ വ്യവസായ എസ്റ്റേറ്റുകളിൽ പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കാൻ വ്യവസായ വകുപ്പ് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകി വരുന്നത്; വിശദാംശം നൽകാമോ; | (ബി) | ഈ വ്യവസായ എസ്റ്റേറ്റുകളിൽ പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി വ്യവസായ വകുപ്പ് നടപ്പിലാക്കിവരുന്ന പ്രധാനമന്ത്രി തൊഴിലുറപ്പ് പദ്ധതി(PMEGP), പി.എം. ഫോർമലൈസേഷൻ ഓഫ് മൈക്രോ ഫുഡ് പ്രോസസിങ് എന്റർപ്രൈസസ് (PMFME), മാർജിൻ മണിഗ്രാൻഡ് റ്റു നാനോ യൂണിറ്റ്സ് (MMG to NANO Units) എന്നീ വായ്പാ ബന്ധിത പദ്ധതികളും, പലിശ സബ്സിഡി ലഭിക്കുന്ന ഒരു കുടുംബം ഒരു സംരംഭം (OFOE) പദ്ധതിയും സ്ഥിര നിക്ഷേപത്തിന് സബ്സിഡി നൽകുന്ന സംരംഭക സഹായ പദ്ധതിയും സംരംഭകർക്ക് പ്രയോജനപ്പെടുത്താവുന്നതാണ്. |
| (സി) | ഇവയുടെ വിപുലീകരണത്തിന് തദ്ദേശസ്ഥാപനങ്ങളുമായി സഹകരിച്ച് എന്തെങ്കിലും പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ? | (സി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കൈവശമുള്ള ഭൂമി വ്യവസായ ആവശ്യങ്ങൾക്ക് ഉപയോഗപ്രദമാക്കുന്നതിനായി പി.പി.പി മോഡലിൽ വ്യവസായ പാർക്ക് ആവിഷ്കരിക്കുന്നതിനുള്ള കരട് പ്രോപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കൈവശമുള്ള നിലവിലെ ഭൂമിയിൽ വ്യവസായ വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് അടിസ്ഥാന സൗകര്യ വികസനം നടത്തി, സംരംഭകർക്ക് നൽകാനാകുന്ന വിധത്തിൽ പി.പി.പി മോഡലിലുള്ള വ്യവസായ ഭൂമി പദ്ധതി ആവിഷ്കരിക്കുന്നതിനുള്ള നടപടിയാണ് സ്വീകരിച്ചു വരുന്നത്. ഈ പദ്ധതിയിൽ 100% ഫണ്ട് പരമാവധി 3 കോടി രൂപ വരെ വ്യവസായ വകുപ്പ് ധനസഹായം |

| | | | |
|---|---|---|---|
| | | | നൽകുന്നു. കൂടുതലായി വരുന്ന തുക ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കണ്ടെത്തേണ്ടതാകുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

# LA Q NO--4423 (MANALUR -LA)

| SL NO | NAME OF INDUSTRIAL ESTATE | UNIT NAME | ENTREPRENEUR NAME | ACTIVITY |
|---|---|---|---|---|
| 1 | MINI INDUSTRIAL ESTATE,CHOONDAL GP | Punatham plastics | Binil Devassy | Manufacturing of plastic house hold products |
| 2 | MINI INDUSTRIAL ESTATE,CHOONDAL GP | KPK Engineering works | Kunjumon K P | Engineering works |
| 3 | MINI INDUSTRIAL ESTATE,CHOONDAL GP | Evershine powder coating | Thomas Kunjaria | Steel coating manufacturing |
| 4 | MINI INDUSTRIAL ESTATE,CHOONDAL GP | Rich coatings | C P Lazer | Steel coating manufacturing |
| 5 | MINI INDUSTRIAL ESTATE,CHOONDAL GP | Vividh plastics | Ebee Felix | Manufacturing of plastic house hold products |
| 6 | MINI INDUSTRIAL ESTATE,CHOONDAL GP | Peejay Rubber products | Pretricia | Manufacturing of rubber products |
| 7 | MINI INDUSTRIAL ESTATE,CHOONDAL GP | Karattayil steel fabricators | K P Appukuttan | Engineering works |
| 8 | MINI INDUSTRIAL ESTATE,CHOONDAL GP | Best Engineering works | Rajan M | Engineering works |
| 9 | MINI INDUSTRIAL ESTATE,CHOONDAL GP | Tyre Treads | Shijith V S | Manufacturing of Tyre Treads |
| 10 | MINI INDUSTRIAL ESTATE,CHOONDAL GP | Gandhi Memmorial Harijan Handloom | Rema | Manufacturing of Handloom products |
| 11 | SIDCO-INDUSTRIAL ESTATE,ARIMBUR GP | Ayurmadam | Joy Joseph | Ayurveda products |
| 12 | SIDCO-INDUSTRIAL ESTATE,ARIMBUR GP | Able Metal Products | Githeesh | Metal Products |
| 13 | SIDCO-INDUSTRIAL ESTATE,ARIMBUR GP | Square Engineering | Shinoy | Light Engineering |
| 14 | SIDCO-INDUSTRIAL ESTATE,ARIMBUR GP | Pandi Polymers | Davis | Ploymers |
| 15 | SIDCO-INDUSTRIAL ESTATE,ARIMBUR GP | Bhagyasree Mould works | Shiju | Moulds |
| 16 | SIDCO-INDUSTRIAL ESTATE,ARIMBUR GP | Happiness Happens | Venkitachal Gopinath | Food products |
| 17 | SIDCO-INDUSTRIAL ESTATE,ARIMBUR GP | Smile Engineering | Davis | Welding works |

| | | | | |
|---|---|---|---|---|
| 18 | SIDCO-INDUSTRIAL ESTATE,ARIMBUR GP | Mekkattukulam Engineering | Poly Johnem | Tools& Dye |
| 19 | SIDCO-INDUSTRIAL ESTATE,ARIMBUR GP | BMW Plastics | Kavya | Plastic |
| 20 | SIDCO-INDUSTRIAL ESTATE,ARIMBUR GP | Vanary Powder Coatings | Viswambaran | Powder Coatings |
| 21 | INDUSTRIAL ESTATE,ELAVALLY GP | Amrutham Food Products | Santha | Manufacturing of Amrutham Podi |
| 22 | INDUSTRIAL ESTATE,ELAVALLY GP | Easy Coat Paints | Jaqueline | Manufacturing of Paint |
| 23 | INDUSTRIAL ESTATE,ELAVALLY GP | Unimech Fabrication | Shymala Shammi | Fabrication work of steel |
| 24 | INDUSTRIAL ESTATE,ELAVALLY GP | M C F | Secretary Elavally GP | Plastic shedding unit |
| 25 | INDUSTRIAL ESTATE,ELAVALLY GP | R R F | Secretary Elavally GP | Plastic shedding unit |

Section Officer